ജില്ലയുടെ പേര്	31-5-2005 വരെ വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ളവരുടെ എണ്ണം
ഇടുക്കി	6,691
എറണാകുളം	9,732
തൃശ്ശൂർ	15,343
പാലക്കാട്	23,813
കോഴിക്കോട്	24,109
വയനാട്	4,945
മലപ്പുറം	31,912
കണ്ണൂർ	17,408
കാസർഗോഡ്	10,096

(ബി) 31-12-2003 വരെയുള്ള അപേക്ഷകർക്ക് കണക്ഷൻ നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇത് നടപ്പിലാക്കി വരുന്നു.

(സി) ഭാഗികമായി നൽകിയിട്ടുണ്ട്.

(ഡി) 2007-ഓടുകൂടി എല്ലാ അപേക്ഷകർക്കും വൈദ്യുതി കണക്ഷൻ നൽകാൻ നടപടി എടുത്തുവരുന്നു.

സൗജന്യ വൈദ്യുതി കണക്ഷൻ

27 [338] *ശ്രീ. ബി. വിജയകുമാർ :*

„ *എ. കെ. മണി:*

„ *എം. കെ. പോൾസൺ മാസ്റ്റർ:*

„ *പി. ടി. തോമസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര വീടുകൾക്ക് സൗജന്യ വൈദ്യുതി കണക്ഷൻ നൽകി;

(ബി) ഈ വർഷം ഇനി എത്ര വീടുകൾക്ക് സൗജന്യ വൈദ്യുതി കണക്ഷൻ നൽകുവാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) 1,11,613.

(ബി) 1,00,000.

LIBRARY ARCHIVES Kerala Legislative Assembly